# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2020 ജൂൺ 9

# വാർത്താക്കുറിപ്പ്

## മഹാത്മാഗാന്ധി സർവകലാശാലയെ രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്തൽ; 132.75 കോടി രൂപയുടെ കിഫ്ബി പദ്ധതിക്ക് ഭരണാനുമതി

**- ആദ്യഘട്ടത്തിൽ 75 കോടി രൂപ ചെലവഴിക്കും**

**- നിർമ്മിക്കുന്നത് കേന്ദ്രീകൃത ലബോറട്ടറി കോംപ്ലക്സ്**

മഹാത്മാ ഗാന്ധി സർവകലാശാലയെ അക്കാദമിക ഗവേഷണ രംഗത്ത് രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള 132.75 കോടി രൂപയുടെ കിഫ്ബി പദ്ധതിക്ക് ഭരണാനുമതി ലഭിച്ചതായി സെനറ്റ് യോഗം. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെ അധ്യക്ഷതയിൽ ചേർന്ന വാർഷിക സെനറ്റ് യോഗത്തിൽ പി. പത്മകുമാർ ഉന്നയിച്ച ചോദ്യത്തിന് മറുപടിയായാണ് സർവകലാശാല ഇക്കാര്യം അറിയിച്ചത്. പദ്ധതിയുടെ സ്പെഷൽ പർപ്പസ് വെഹിക്കിളായി കിറ്റ്കോയെ നിയോഗിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 75 കോടി രൂപയാണ് ചെലവഴിക്കുക. ഇതിൽ 51.25 കോടി രൂപ കേന്ദ്രീകൃത ലബോറട്ടറി കോംപ്ലക്സ് കെട്ടിടനിർമ്മാണത്തിനും ബാക്കി തുക ലബോറട്ടറി ഉപകരണങ്ങൾക്ക് വിനിയോഗിക്കാനുമാണ് അനുമതി. പഴയ പരീക്ഷഭവൻ കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്താണ് ലാബ് സമുച്ചയം നിർമ്മിക്കുക. സർവകലാശാല ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ സെക്രട്ടേറിയറ്റ് പാറ്റേൺ അനുസരിച്ച് എല്ലാ തസ്തികകൾക്കും ബാധകമാക്കുക, മോഡൽ 2 ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങൾ പഠിച്ച വിദ്യാർഥികൾക്ക് സ്കൂളിൽ അധ്യാപകരാകാനുള്ള അവസരം നിഷേധിക്കുന്ന സാഹചര്യം മറികടക്കാൻ അധീഷണൽ ക്രെഡിറ്റ് നൽകുന്ന രീതിയിൽ പ്രാക്ടിക്കലോടുകൂടി കോംപ്ലിമെന്ററി കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തണം, അധ്യാപകരുടെ സ്ഥാനക്കയറ്റ നടപടികൾ വേഗത്തിൽ തീർപ്പാക്കുന്നതിന് നടപടിയെടുക്കണം, സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ മേഖല ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കുക, 2020-21 അധ്യയന വർഷത്തിൽ എയ്ഡഡ് കോളേജുകളിൽ എയ്ഡഡ് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സംസ്ഥാന സർക്കാരിനോടാവശ്യപ്പെടുക, ഔട്ട്കം ബേസ്ഡ് വിദ്യാഭ്യാസം ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിന് കൂടുതൽ ക്രിയാത്മക നടപടികൾ സ്വീകരിക്കുക എന്നീ ആവശ്യങ്ങളടങ്ങിയ പ്രമേയങ്ങൾ യോഗം പാസാക്കി.

ഓൺലൈൻ പഠനം, സാധ്യതകൾ എന്നിവ ക്രിയാത്മകമായി പ്രയോജനപ്പെടുത്തണമെന്നാവശ്യപ്പെട്ട് ഡോ. എസ്. അനസ് അവതരിപ്പിച്ച പ്രമേയവും യോഗം പാസാക്കി. പി. പത്മകുമാർ, ഡോ. വർഗീസ് കെ. ചെറിയാൻ, ജേക്കബ് സി. നൈനാൻ എന്നിവരും പ്രമേയങ്ങൾ അവതരിപ്പിച്ചു. വാർഷിക റിപ്പോർട്ട്, ഫിനാൻഷ്യൽ എസ്റ്റിമേറ്റ്, വാർഷിക അക്കൗണ്ട്സ് ആന്റ് ഓഡിറ്റ് റിപ്പോർട്ട് എന്നിവ യോഗത്തിൽ സമർപ്പിച്ചു. കോവിഡ് മാർഗനിർദ്ദേശങ്ങൾ പാലിച്ചാണ് യോഗം നടന്നത്.

(പി.ആർ.ഒ/39/549/2020)

## ചേർപ്പുങ്കൽ സംഭവം; അന്വേഷണത്തിന് മൂന്നംഗ സമിതി

ചേർപ്പുങ്കൽ ബിഷപ്പ് വയലിൽ മെമ്മോറിയൽ ഹോളിക്രോസ് കോളേജ് പരീക്ഷകേന്ദ്രത്തിൽ ബി.കോം. പ്രൈവറ്റ് പരീക്ഷയെഴുതിയ വിദ്യാർഥിനി പരീക്ഷാക്രമക്കേട് നടത്തിയെന്ന ആരോപണത്തെക്കുറിച്ചും തുടർന്നുണ്ടായ സംഭവങ്ങളെക്കുറിച്ചും അന്വേഷിച്ച് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കാൻ മൂന്നംഗ സമിതിയെ നിയോഗിച്ചു. മഹാത്മാ ഗാന്ധി സർവകലാശാല

സിൻഡിക്കേറ്റംഗങ്ങളായ ഡോ. എം.എസ്. മുരളി, ഡോ. അജി സി. പണിക്കർ, വി.എസ്. പ്രവീൺകുമാർ എന്നിവരടങ്ങുന്ന സമിതിയെയാണ് അന്വേഷണത്തിനായി വൈസ് ചാൻസലർ നിയോഗിച്ചത്.

(പി.ആർ.ഒ/39/550/2020)

## പുതുക്കിയ പരീക്ഷ തീയതി

മാർച്ച് 23, 25, 27, 31, ഏപ്രിൽ രണ്ട്, ആറ് തീയതികളിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്. (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ്) ബിരുദ പരീക്ഷകൾ യഥാക്രമം ജൂൺ 16, 18, 22, 24, 26, 29 തീയതികളിൽ നടക്കും. സമയക്രമം : ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെ. വെള്ളിയാഴ്ചകളിൽ ഉച്ചകഴിഞ്ഞ് രണ്ടുമുതൽ അഞ്ചുവരെ. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/551/2020)

മാർച്ച് 23, 25, 27, 31, ഏപ്രിൽ രണ്ട് തീയതികളിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്)/ബി.എസ്‌സി. സൈബർ ഫോറൻസിക് (2018 അഡ്മിഷൻ റഗുലർ/2014-2017 അഡ്മിഷൻ റീഅപ്പിയറൻസ്) ബിരുദ പരീക്ഷകൾ യഥാക്രമം ജൂൺ 16, 18, 22, 24, 26 തീയതികളിൽ നടക്കും. സമയക്രമം രാവിലെ 9.30 മുതൽ 12.30 വരെ. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/552/2020)

മാർച്ച് 23, 25, 27, 30, ഏപ്രിൽ ഒന്ന്, മൂന്ന്, ആറ് തീയതികളിൽ നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എം.എച്ച്.ആർ.എം. (2019 അഡ്മിഷൻ റഗുലർ/2018 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ യഥാക്രമം ജൂൺ 17, 19, 22, 24, 26, 29, ജൂലൈ ഒന്ന് തീയതികളിൽ നടക്കും. പരീക്ഷകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

(പി.ആർ.ഒ/39/553/2020)

മാർച്ച് 20 മുതൽ നടത്താനിരുന്ന നാലാം സെമസ്റ്റർ എം.ബി.എ. (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജൂൺ 16 മുതൽ ആരംഭിക്കും. പരീക്ഷ കേന്ദ്രത്തിന് മാറ്റമില്ല. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/554/2020)

## പരീക്ഷഫലം

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. സംസ്കൃതം സ്പെഷൽസ് വ്യാകരണ (സി.എസ്.എസ്. - റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 18 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/555/2020)

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. സംസ്കൃതം സ്പെഷൽസ് വേദാന്ത (സി.എസ്.എസ്. - റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 18 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/556/2020)

2019 ജനുവരിയിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.എ. മോഡൽ 1, 2, 3 (സി.ബി.സി.എസ്.എസ്. - 2009-2012 അഡ്മിഷൻ) സപ്ലിമെന്ററി/മേഴ്സി ചാൻസ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 23 വരെ അപേക്ഷിക്കാം. 2011 അഡ്മിഷൻ മുതലുള്ള അപേക്ഷകർ ഓൺലൈനായി അപേക്ഷിക്കണം. 2011 അഡ്മിഷന് മുമ്പുള്ള അപേക്ഷകർ ഓൺലൈനായി ഫീസടച്ച് അപേക്ഷ പരീക്ഷ കൺട്രോളറുടെ കാര്യാലയത്തിൽ നൽകണം.

(പി.ആർ.ഒ/39/557/2020)

2019 ജനുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എ. മോഡൽ 1, 2, 3 (സി.ബി.സി.എസ്.എസ്. - 2009-2012 അഡ്മിഷൻ) സപ്ലിമെന്ററി/മേഴ്സി ചാൻസ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 23 വരെ അപേക്ഷിക്കാം. 2011 അഡ്മിഷൻ മുതലുള്ള അപേക്ഷകർ ഓൺലൈനായി അപേക്ഷിക്കണം. 2011 അഡ്മിഷന് മുമ്പുള്ള അപേക്ഷകർ ഓൺലൈനായി ഫീസടച്ച് അപേക്ഷ പരീക്ഷ കൺട്രോളറുടെ കാര്യാലയത്തിൽ നൽകണം.

(പി.ആർ.ഒ/39/558/2020)

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ. സോഷ്യോളജി (സി.എസ്.എസ്. - ബെറ്റർമെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 22 വരെ അപേക്ഷിക്കാം. 2012 അഡ്മിഷൻ മുതലുള്ള അപേക്ഷകർ ഓൺലൈനായി അപേക്ഷിക്കണം. 2012 അഡ്മിഷന് മുമ്പുള്ള അപേക്ഷകർ ഓൺലൈനായി ഫീസടച്ച് അപേക്ഷ പരീക്ഷ കൺട്രോളറുടെ കാര്യാലയത്തിൽ നൽകണം.

(പി.ആർ.ഒ/39/559/2020)

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. ബയോകെമിസ്ട്രി (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 22 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/560/2020)

2019 ജൂലൈയിൽ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടത്തിയ പിഎച്ച്.ഡി. കോഴ്സ് വർക്ക് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/561/2020)

## ആറാം സെമസ്റ്റർ ബിരുദ മൂല്യനിർണയം ജൂൺ 11 മുതൽ

ആറാം സെമസ്റ്റർ റഗുലർ/പ്രൈവറ്റ് ബിരുദ പരീക്ഷകളുടെ (സി.ബി.സി.എസ്.) ഉത്തരക്കടലാസ് മൂല്യനിർണയം ഒൻപത് മേഖലാ കേന്ദ്രങ്ങളിലായി ജൂൺ 11 മുതൽ ആരംഭിക്കും. ജൂൺ 11ന് കൊമേഴ്സ് വിഭാഗത്തിലെ അധ്യാപകരും ജൂൺ 12ന് ആർട്സ്, സയൻസ് വിഭാഗത്തിലെ അധ്യാപകരും മൂല്യനിർണയ കേന്ദ്രങ്ങളിൽ ഹാജരാകണമെന്ന് പരീക്ഷ കൺട്രോളർ അറിയിച്ചു. ഗസ്റ്റ് അധ്യാപകരടക്കം ഹാജരാകണം. കോഴഞ്ചേരി സെന്റ് തോമസ് കോളേജ് (ഫോൺ: 9562869005), ചങ്ങനാശ്ശേരി ക്രിസ്തുജ്യോതി കോളേജ് (9447364493), കോട്ടയം ബി.സി.എം. കോളേജ് (9446323239), പാലാ അൽഫോൺസാ കോളേജ് (9656828422), തൃപ്പൂണിത്തുറ ഗവൺമെന്റ് കോളേജ് (9946554827), മൂവാറ്റുപുഴ നിർമ്മല കോളേജ് (9447384554), ആലുവ സെന്റ് സേവ്യേഴ്സ് കോളേജ് (8075478265), ലബ്ബക്കട ജെ.പി.എം. കോളേജ് (8281319301), അടിമാലി കാർമ്മൽഗിരി കോളേജ് (9744409010) എന്നിവിടങ്ങളിലാണ് മൂല്യനിർണയ കേന്ദ്രങ്ങൾ. അധ്യാപകർ ആരോഗ്യവകുപ്പ് നിർദ്ദേശിച്ചിട്ടുള്ള കോവിഡ് 19 പ്രതിരോധ മുൻകരുതലുകൾ കർശനമായി പാലിച്ച് വേണം കേന്ദ്രങ്ങളിൽ എത്തേണ്ടത്.

(പി.ആർ.ഒ/39/562/2020)

## സെനറ്റ് തെരഞ്ഞെടുപ്പ്; ഉപവരണാധികാരി

മഹാത്മാ ഗാന്ധി സർവകലാശാല സെനറ്റിലെ വിവിധ മണ്ഡലങ്ങളിൽ നിലനിൽക്കുന്ന ഒഴിവുകൾ നികത്തുന്നതിന് നടക്കുന്ന തെരഞ്ഞെടുപ്പിന്റെ പുതിയ ഉപവരണാധികാരിയായി ഡെപ്യൂട്ടി രജിസ്ട്രാർ 2 (അക്കാദമിക്) പി.വൈ. ഹാരിസിനെ നിയമിച്ച് ഉത്തരവായി.

(പി.ആർ.ഒ/39/563/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ